**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 19/2026**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

നമ്മുടെ കർത്താവായ യേശുമശിഹായുടെ രക്ഷാദായകമായ പീഡാസഹനങ്ങളുടെയും, രഹസ്യപൂർണ്ണമായ പെസഹാ അത്താഴമേശയുടെയും, മഹനീയവും ജീവൻ നൽകുന്നതുമായ ഉയിർപ്പിന്റെയും അനുഗ്രഹീത സ്മരണയിലേക്ക് വി. വലിയനോമ്പ് വഴിയായി നാം പ്രവേശിക്കുകയാണല്ലോ. നോമ്പുകാലത്തെ ആരാധനകളിൽ ഓർമ്മിപ്പിക്കുന്നതു പോലെ കേവലം ഭക്ഷണവർജ്ജനം എന്നതിൽ മാത്രമല്ല, ദൈവത്തിൽ നിന്നും നമ്മെ അകറ്റി കളയുവാൻ ശ്രമിക്കുന്ന എല്ലാ ബലഹീനതകളിൽ നിന്നും ഒഴിഞ്ഞ് നിർമ്മലമായി നോമ്പ് ആചരിക്കുവാൻ നമുക്കേവർക്കും സാധിക്കണം. നോമ്പാകുന്ന പോരാട്ടം വഴിയായി നമ്മിലെ അഹന്തയും ആത്മപ്രശംസയും ഇല്ലാതെയാകണം. ക്രിസ്തുവിന്റെ ദിവ്യപ്രകാശം നമ്മുടെ ഇടയിൽ പ്രശോഭിക്കപ്പെടണം. ആത്മ നിയന്ത്രണം ഇല്ലാതെ പോകുന്നതുകൊണ്ടാണ് ലോകം വച്ചുനീട്ടുന്നതെല്ലാം സ്വീകാര്യമെന്നും അഭികാമ്യമെന്നും നമുക്ക് തോന്നുന്നത്. നമ്മെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുകയും, അതിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുക എന്നത് ഏറെ പ്രധാനമാണ്. അലസനേരങ്ങളും, അനാവശ്യഭാഷണങ്ങളും ആലോചനകളില്ലാത്ത പ്രവൃത്തികളും നമ്മെ ഏവരെയും ഒരേപോലെ വീഴിച്ചുകളയുന്ന ഇടങ്ങളാണ്. നമ്മുടെ എല്ലാ കുടുംബങ്ങളിലും വി. നോമ്പാചരണം ഏറ്റവും ഭംഗിയോടും സമർപ്പണത്തോടും നിർവ്വഹിക്കുവാൻ ഏവരും ശ്രദ്ധിക്കണം. മാതാപിതാക്കൾ തങ്ങളുടെ മക്കളെ നോമ്പ് പരിശീലിപ്പിക്കണം. എല്ലാ ദേവാലയങ്ങളിലും നോമ്പിന്റെ യാമനമസ്കാരങ്ങൾ നിർവ്വഹിക്കുവാൻ വൈദികർ പ്രത്യേകം ശ്രദ്ധിക്കണം കൂടാതെ നമ്മുടെ എല്ലാ ഭവനങ്ങളിലും നോമ്പിന്റെ പ്രാർത്ഥനകൾ വീഴ്ചവരുത്താതെ നിറവേറ്റണം. മാതാപിതാക്കൾക്ക് അടുത്ത തലമുറയ്ക്കായി കരുതിവെക്കുവാനുള്ള നിക്ഷേപധനം ആരാധനയും, പ്രാർത്ഥനകളും, നോമ്പും, ഉപവാസവും, കുമ്പിടീലും, ജാഗരണവും, വചനധ്യാനവുമൊക്കെയാണ്.

ദൈവഹിതമായാൽ ഈ വർഷത്തെ വലിയ നോമ്പ് പൂർത്തീകരണത്തിൽ നാൽപ്പതാം വെള്ളിയാഴ്ചയായ മാർച്ച് മാസം 27-ാം തീയതി നമ്മുടെ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് ദിവ്യമായ വി. മൂറോൻ കൂദാശ നിർവ്വഹിക്കണമെന്ന് നാം ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥനാപൂർവ്വം ദൈവത്തിൽ ശരണപ്പെടുകയും ചെയ്യുന്നു. ദിവ്യവും പരിപാവനവുമായ ഈ കൂദാശയ്ക്കായി സഭ മുഴുവന്റെയും വിശുദ്ധിയും ഉപവാസവും പ്രാർത്ഥനയും സമർപ്പണവും ആവശ്യമാണ്. സകലത്തെയും പൂർത്തീകരിച്ച് തികയ്ക്കുന്ന പരിശുദ്ധാത്മാവിന്റെ ആവാസം ഈ കൂദാശയിൽ അനുഭവവേദ്യമാകുവാൻ തക്കവണ്ണം ഇതിനെ പരികർമ്മിക്കുന്നവരും ഇതിൽ സംബന്ധികളാകുന്നവരും അത്യന്തം ഭയത്തോടും വിറയലോടും വെടിപ്പോടും വിശുദ്ധിയോടും ഈ കൂദാശയ്ക്കായി തങ്ങളെത്തന്നെ ഒരുക്കണം. സഭാ മക്കൾക്ക് ഏവർക്കും ദൈവാത്മ നിറവിന്റെ നോമ്പുകാലം പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.............

2026 ജനുവരി മാസം 23-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**